**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 587** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന് ഗ്രാമീണ ചന്തകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ ചന്തകൾ ആരംഭിക്കുവാൻ വകുപ്പിന് പദ്ധതിയുണ്ടോ; | (എ) | കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ആർ കെ വി വൈ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ഗ്രാമതലത്തിൽ 960 ആഴ്ച്ചചന്തകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ നഗരപ്രദേശത്ത് 100 ആഴ്ച്ചചന്തകളും പ്രവർത്തിക്കുന്നുണ്ട്. അതാതു പ്രദേശത്തെ ആവശ്യകതയനുസരിച്ച് തുടർന്നും പുതിയ ഗ്രാമീണ ആഴ്ച്ചചന്തകൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആഴ്ച്ചചന്തയുടെ നടത്തിപ്പ് ആരെയാണ് ഏല്പിക്കുന്നത്; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ; | (ബി) | കർഷകർ, കർഷക കൂട്ടായ്മകൾ, കർഷകമിത്രകൾ, കുടുംബശ്രീ, സ്വയം തൊഴിലധിഷ്ഠിത ഉപജീവനമാർഗം സ്വീകരിച്ചവർ തുടങ്ങി കൃഷിയിലും, കാർഷിക അനുബന്ധ പ്രവർത്തികളിലും ഏർപ്പെട്ടിരിക്കുന്ന ഏവർക്കും ഗ്രാമീണ ചന്തകൾ നടത്താവുന്നതാണ്. |
| (സി) | പ്രസ്തുത വിപണി വഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | കർഷകരുടെയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾ കണക്കിലെടുത്തുള്ള വിപണി ഇടപെടൽ കാർഷിക വിപണന മേഖലയിൽ എന്ത് മാറ്റം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കർഷകരിൽ നിന്നും നേരിട്ട് ഉത്പന്നങ്ങൾ ഈ വിപണിയിൽ എത്തുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം തടയാനും അതുവഴി കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും സഹായകമാകുന്നു. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. വിപണി ലഭ്യമാകുമ്പോൾ കർഷകർ പഴം പച്ചക്കറി കൃഷി വിപുലീകരിക്കുകയും ഇത് കർഷക വരുമാനം വർദ്ധിപ്പിക്കാൻ ഇടയാക്കുകയും ചെയ്യും. കൂടാതെ ഈ രംഗത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുക വഴി കർഷകർക്ക് അധിക വരുമാനവും ലഭ്യമാക്കാൻ |

| | | | |
|---|---|---|---|
| | | | സാധിക്കും. നടപ്പ സാമ്പത്തിക വർഷം മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

സംസ്ഥാനത്ത് സന്നദ്ധ സംഘടനകളും, വ്യക്തികളും നടത്തുന്ന വയോജന സംരക്ഷണ കേന്ദ്രങ്ങൾ, ശാരീരിക വൈകല്യമുള്ളവരുടെ സംരക്ഷണ കേന്ദ്രങ്ങൾ, മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസ കേന്ദ്രങ്ങൾ, അഗതികളായ സ്ത്രീകളെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ, കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ തുടങ്ങി അനാഥ അഗതികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും, അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും, വിലയിരുത്തുന്നതും ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ഓർഫനേജ് കൺട്രോൾ ബോർഡാണ്. ഈ ബോർഡിൽ 15 അംഗങ്ങളാണ് ഉള്ളത്.

ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, പരിശോധിക്കുന്നതിനും ഓരോ ബോർഡ് അംഗത്തിനും ഓരോ ജില്ലയുടെ ചുമതല നൽകിയിട്ടുണ്ട്. ക്ഷേമസ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനും, നിലവിലുള്ള അംഗീകാരം പുതുക്കി ലഭിക്കുന്നതിനുമായി ലഭിക്കുന്ന അപേക്ഷയിന്മേൽ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി ശുപാർശ നൽകുന്നത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളാണ്. ഓർഫനേജ് കൺട്രോൾ ബോർഡ് യോഗം ചേർന്നാണ് അംഗങ്ങളുടെ ശുപാർശയിന്മേൽ ക്ഷേമസ്ഥാപനങ്ങൾക്കുള്ള അംഗീകാരം നൽകുന്നതും, അംഗീകാരം പുതുക്കുന്നതും. ഓർഫനേജ് കൺട്രോൾ ബോർഡ് ചട്ടപ്രകാരമുള്ള ഫാറം – B മാതൃകയിൽ അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നു. സ്ഥാപനത്തിന്റെ പേരും, വിലാസവും, അംഗീകാര സർട്ടിഫിക്കറ്റ് നമ്പർ, ഏത് വിഭാഗത്തിൽപ്പെട്ട സ്ഥാപനമാണ്, എത്ര പേരെയാണ് പാർപ്പിക്കേണ്ടത്, അംഗീകാര കാലാവധി തുടങ്ങിയവ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു. ഇക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു.
ജില്ലയിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

ജില്ലയിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പരാതികൾ, തുടങ്ങിയവ പരിശോധിക്കുന്നതും, വിദ്യാഭ്യാസ ധനസഹായം, ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം എന്നിവയ്ക്കുള്ള അപേക്ഷ പരിശോധിക്കുന്നതും മോണിറ്ററിംഗ് കമ്മിറ്റിയാണ്. അതിനു ശേഷമാണ് തുടർ നടപടി സ്വീകരിക്കുന്നത്.

ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും, ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും ബഹു:മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സംസ്ഥാനതല അവലോകന സമിതിയും രൂപീകരിച്ചിട്ടുണ്ട്.

ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ്, കുട്ടികൾക്ക് കരിയർ ഗൈഡൻസ് എന്നിവ നല്കുന്നതിനും, കാലാകാലങ്ങളിൽ സർക്കാർ

പുറപ്പെടുവിക്കുന്ന ക്ഷേമസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും, ആനുകൂല്യങ്ങളും സ്ഥാപനങ്ങളെ അറിയിക്കുന്നതിനുമായി MSW യോഗ്യതയുള്ള 40 കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിമയിച്ചിട്ടുണ്ട്. കൂടാതെ ജില്ല സാമൂഹ്യനീതി ആഫീസർ, സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ക്ഷേമസ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഗ്രാന്റിന് അനുമതിയുള്ള ക്ഷേമസ്ഥാപനങ്ങളിൽ സംസ്ഥാന ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുന്നു.

# അനുബന്ധം II

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ്, സംസ്ഥാനതല നിർവ്വാഹക സമിതി, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, സാമൂഹ്യനീതി വകുപ്പ്, സംസ്ഥാന ആഡിറ്റ് വകുപ്പ് എന്നിവ പ്രവർത്തിക്കുന്നുണ്ട്.

മെയിന്റനൻസ് & വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ റൂൾ 2019 ലെ റൂൾ 18 സബ് റൂൾ (2) പ്രകാരം പുറപ്പെടുവിച്ച 20/08/2016 ലെ ജി.ഒ(പി) നം.10/2016 സാ.നീ.വ.(സി) പ്രകാരമുള്ള ഗൈഡ് ലൈൻസിലെ ചാപ്റ്റർ- 3, ഖണ്ഡിക 28 പ്രകാരം, വയോജനങ്ങളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ താമസക്കാർ/അവരുടെ പ്രതിനിധിയുമായി ഉണ്ടാക്കുന്ന കാരാറും, ക്ഷേമസ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അത് വയോജനങ്ങളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുകയാണ്. ഈ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയോജന സംരക്ഷണ കേന്ദ്രങ്ങളെ കൂടുതലായി നിയന്ത്രിക്കുന്നതിന് കഴിയുന്നുണ്ട്. വയോജനങ്ങൾ ക്ഷേമസ്ഥാപനത്തിൽ വന്നാൽ അവർക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകുന്നത്, അവരുടെ വിലപിടിപ്പുള്ള സാധനങ്ങളുടെ വിവരം, മരണാനന്തരം എപ്രകാരമായിരിക്കണം മൃതദേഹം മറവ് ചെയ്യേണ്ടത് തുടങ്ങിയ വിവരങ്ങളൊക്കെ കരാറിൽ രേഖപ്പെടുത്തുന്നുണ്ട്. പണം വാങ്ങി ആൾക്കാരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾക്കും ഈ കരാർ ബാധകമാണ്.

ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾക്ക് നിരവധി സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്. ആയത് ചുവടെ കൊടുക്കുന്നു.

1. ഗ്രാന്റിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു.
2. സ്ഥാപനങ്ങൾക്ക് അരി, ഗോതമ്പ് തുടങ്ങിയവ റേഷൻ പെർമിറ്റ് മുഖാന്തിരം നൽകിവരുന്നു.
3. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ കുടിവെള്ളം ലഭ്യമാക്കുന്നു
4. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നു
5. ആരോഗ്യ വകുപ്പ് മെഡിക്കൽ സേവനങ്ങൾ സൗജന്യമായി നൽകുന്നു
6. പത്താം ക്ലാസ് പാസ്സാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വണിന് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നു.
7. പ്ലസ് ടൂ കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു.
8. താഴെ പറയുന്ന കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്
   a) കേരളത്തിലെ ഐ റ്റി ഐ/ഐ റ്റി സി എന്നിവിടങ്ങളിൽ 5 സീറ്റ് വീതം
   b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോ മൊബൈൽ എഞ്ചിനിയറീംഗ് ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ-

ഇലക്ട്രിക്കൽ- മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം.

c) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന്- 3%

d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് ഫാർമസി കോളേജുകളിൽ ഓരോ സീറ്റ് വീതം)

e) DMLT(ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം)

f) DRT(RT) കോഴ്സിന് ഒരു സീറ്റ് (കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്)

g) DOTT(OT) കോഴ്സിന് ഒരു സീറ്റ് (തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്)

h) DHI(HI) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHTS-ൽ 3 സീറ്റ്, പാലക്കാട് ഗവൺമെന്റ് പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST))

i) ഹയർ സെക്കന്ററിയ്ക്കും, വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്കും അർഹതയുള്ള എല്ലാ കുട്ടികൾക്കും പ്രവേശനം ലഭിയ്ക്കുന്നു

j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്.

9. ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായമായി നൽകുന്നു.

10. ക്ഷേമസ്ഥാപനങ്ങളിൽ താമസിച്ചിരുന്നവർ, ഇപ്പോഴും താമസിക്കുന്നവർ തുടങ്ങിയവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ ഇന്റർവ്യൂവിന് മുൻഗണന ഉണ്ട്. കേരള പി എസ് സി യിൽ അപേക്ഷ സമർപ്പിക്കുന്നതിന് 10 വർഷത്തെ വയസ്സിളവ് ഉണ്ട്.

ഈ സാമ്പത്തിക വർഷം ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് താഴെപ്പറയുന്ന തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| വിഭാഗം | തുക |
|---|---|
| വയോജന സംരക്ഷണ കേന്ദ്രം | 11,59,32,000 |
| കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനം | 34,38,72,000 |
| വികലാംഗ സദനം(മാനസിക രോഗം പുനരധിവാസം, ശാരീരിക വൈകല്യം ഉള്ളവ, തുടങ്ങിയവ) | 1,23,34,000 |
| യാചക മന്ദിരങ്ങൾ | 66,24,000 |

സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ വിഭാഗവും, എണ്ണവും ചുവടെ കൊടുക്കുന്നു.

| വിഭാഗം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| ഫൗണ്ട് ലിംഗ് ഹോം (5 വയസ്സിനു താഴെയുള്ള കുട്ടികൾ) | 27 |
| കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനം | 859 |
| വിമൻ ഇൻ ഡിസ്ട്രസ്സ് (സ്ത്രീകളുടെ ഭവനം) | 68 |
| വയോജന മന്ദിരങ്ങൾ | 620 |
| ഡിഫറന്റ്ലി ഏബിൾഡ് (മാനസിക രോഗം പുനരധിവാസം, ശാരീരിക വൈകല്യം ഉള്ളവ, തുടങ്ങിയവ) | 285 |
| യാചക മന്ദിരങ്ങൾ | 17 |
| മറ്റുള്ളവ (ഷെൽട്ടർ ഹോം, ക്യാൻസർ രോഗ പുനരധിവാസ കേന്ദ്രം, എച്ച് ഐ വി രോഗ പുനരധിവാസ കേന്ദ്രം, പാലിയേറ്റീവ് കെയർ) | 40 |